# Silent BellS

ഫസ്റ്റ്ബെൽ – അനുബന്ധ പഠനസഹായകസാമഗ്രി

| Class:10 | Suject:BIOLOGY | Date:12/10/20 | WorksheetNo:25 | Class link: PLAY |
|---|---|---|---|---|

Lesson & LO :അകറ്റി നിർത്താം രോഗങ്ങളെ.



1.a)ഏത് രോഗത്തിന്റെ ലക്ഷണമാണ് ചിത്രത്തിലുള്ളത്?

b)ഈ രോഗമുണ്ടാക്കുന്ന ബാക്ടീരിയയുടെ പേരെന്ത്?

2.ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങളേവ?

3.ഈ രോഗത്തിന്റെ ഉചിതമായ പ്രതിരോധമാർഗം വാക്സിനേഷനാണ്.കാരണമെന്ത്?

ഏതെല്ലാം വാക്സിനുകളാണ് ഈ രോഗത്തിനെതിരെ നൽകുന്നത്?

4.താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്ത് രോഗത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

| | |
|---|---|
| രോഗകാരി | *മൈക്കോബാക്ടീരിയം ട്യൂബർകുലോസിസ് (Mycobacterium tuberculosis)* |
| മുഖ്യലക്ഷണങ്ങൾ | ശരീരത്തിന് ഭാരക്കുറവ് അനുഭവപ്പെടുക, ക്ഷീണം, സ്ഥിരമായ ചുമ. |
| രോഗപ്പകർച്ച | രോഗി ചുമയ്ക്കുമ്പോഴോ, തുമ്മുമ്പോഴോ, സംസാരിക്കുമ്പോഴോ രോഗാണുക്കൾ വായുവിലേക്കും മറ്റുള്ളവരിലേക്കും വ്യാപിക്കും. |
| രോഗം ബാധിക്കുന്ന ശരീരഭാഗങ്ങൾ | ശ്വാസകോശത്തെയാണ് മുഖ്യമായും ക്ഷയരോഗം ബാധിക്കുക. എന്നാൽ വൃക്കകൾ, അസ്ഥികൾ, അസ്ഥിസന്ധികൾ, തലച്ചോറ് എന്നിവയെയും ഈ രോഗം ബാധിക്കാറുണ്ട്. |
| ചികിത്സ | ആന്റിബയോട്ടിക്കുകൾ ഉപയോഗിച്ചുള്ള ചികിത്സ. |
| വാക്സിൻ | ക്ഷയരോഗബാധയെ തടയുന്നതിന് ഉപയോഗിക്കുന്ന പ്രതിരോധ വാക്സിനാണ് ബി.സി.ജി. (BCG). |

സൂചകങ്ങൾ: രോഗത്തിന്റെ പേര്, രോഗകാരി, ലക്ഷണങ്ങൾ, രോഗപകർച്ച, രോഗം ബാധിക്കുന്ന ശരീരഭാഗങ്ങൾ, ചികിത്സ, വാക്സിൻ

5.കോളറ,ടൈഫോയ്ഡ്,കുഷ്ഠം,ന്യുമോണിയ എന്നിവ ബാക്ടീരിയ രോഗങ്ങളാണ്. ഇവ പകരുന്ന മാർഗങ്ങൾ കണ്ടെത്തി എഴുതുക?

6.താഴെ കൊടുത്തിരിക്കുന്ന സൂക്ഷ്മജീവിയെ തിരിച്ചറിയുക. ഘടനയും സവിശേഷതകളും എഴുതുക.

